സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ–680004

www.swathanthramandapam.com വാള്യം: 60 ലക്കം: 156 2025 സെപ്തംബർ 22 തിങ്കൾ പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

ഇൻഡിഗോ വിമാനത്തിനുള്ളിൽ എലി

ലഖ്നൗ: വിമാനത്തിനുള്ളിൽ എലിയെ കണ്ടതിന് പിന്നാലെ വിമാനം യാത്രപുറപ്പെടാൻ വൈകിയത് മൂന്നുമണിക്കൂറിലേറെ. ഉത്തർ പ്രദേശിലെ കാൺപൂർ വിമാനത്താവളത്തിലാണ് സംഭവം. കാൺപൂരിൽനിന്ന് ഡൽഹിയിലേക്ക് പുറപ്പെടാനിരുന്ന ഇൻഡിഗോ വിമാനത്തിനുള്ളിലാണ് എലിയെ കണ്ടെത്തിയത്.ഇന്നലെ ഉച്ചക്ക് ശേഷം 2.55ന് 140 യാത്രക്കാരുമായി ഡൽഹിയിലേക്ക് പുറപ്പെടേണ്ടിയിരുന്ന വിമാനമാണ് ഏറെ നേരം വൈകിയത്. വിമാനത്തിനുള്ളിൽ എലി പാഞ്ഞുനടക്കുന്നത് കണ്ട കാര്യം യാത്രക്കാരിൽ ഒരാളാണ് കാബിൻ ക്രൂവിനെ അറിയിച്ചത്.ഈ സമയം യാത്രക്കാർ മുഴുവനും വിമാനത്തിനുള്ളിൽ പ്രവേശിച്ചിരുന്നു. തുടർന്ന് മുഴുവൻ യാത്രക്കാരെയും വിമാനത്തിനു പുറത്തിറക്കി. ശേഷം എലിയെ പിടികൂടാനുള്ള ശ്രമങ്ങൾ ആരംഭിച്ചു. ഒന്നര മണിക്കൂറോളം നീണ്ട ശ്രമത്തിനൊടുവിൽ പ്രശ്നത്തിന് പരിഹാരംകണ്ടു. 7.16–ന് വിമാനം ഡൽഹിയിലെത്തി.

ആദ്യം റോഡ് നന്നാക്കിയിട്ട് വരൂ

പാലിയേക്കരയിൽ ടോൾ പിരിവ് തടഞ്ഞുകൊണ്ടുള്ള ഉത്തരവ് നീട്ടി ഹൈക്കോടതി

കൊച്ചി: തൃശ്ശൂർ പാലിയേക്കരയിൽ ടോൾ പിരിവ് തടഞ്ഞുകൊണ്ടുള്ള ഉത്തരവ് ഹൈക്കോടതി നീട്ടി. തകർന്ന റോഡ് നന്നാക്കിയിട്ട് വരൂ എന്ന് ഹൈക്കോടതി പറഞ്ഞു. മുരിങ്ങൂരിലെ സർവീസ് റോഡ് തകർന്നത് ചൂണ്ടിക്കാട്ടിയാണ് ഹൈക്കോടതി ഡിവിഷൻ ബെഞ്ചിന്റെ നടപടി.

പാലിയേക്കരയിൽ ടോൾ പിരിവ് പുനഃസ്ഥാപിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കാനിരിക്കെയാണ് കളക്ടറുടെ റിപ്പോർട്ട് പരിഗണിച്ച് കോടതി നിലപാട് മാറ്റിയത്. ടോൾപിരിവ് പുനഃസ്ഥാപിക്കുന്നതിനുള്ള ഉത്തരവ് തയ്യാറാക്കിയാണ് ജസ്റ്റിസ് മുഹമ്മദ് മുഷ്താഖ് ഉൾപ്പെട്ട ഡിവിഷൻ ബെഞ്ച് കോടതി മുറിയിലെത്തിയത്. ഈ സമയത്താണ് കളക്ടറുടെ റിപ്പോർട്ട് കോടതിയുടെ മുമ്പാകെയെത്തിയത്.

മുരിങ്ങൂരിൽ കഴിഞ്ഞ ദിവസം സർവീസ് റോഡ് തകർന്നു എന്നായിരുന്നു ജില്ലാ കളക്ടറുടെ റിപ്പോർട്ട്. ഇത് സംബന്ധിച്ച് പോലീസും മോട്ടോർ വാഹനവകുപ്പും നൽകിയ വിശദീകരണമടക്കമാണ് ജില്ലാ കളക്ടർ കോടതിയുടെ മുമ്പിൽ എത്തിച്ചത്. റോഡ് തകർന്നതുകൊണ്ട് ഗതാഗതപ്രശ്നം ഉണ്ടെന്ന് ജില്ലാ കളക്ടർ റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടിയിരുന്നു. ഇതോടെ ഉത്തരവ് പുറപ്പെടുവിക്കുന്നത് ഹൈക്കോടതി മാറ്റിവെക്കുകയായിരുന്നു.

ടോൾപിരിവ് പുനഃസ്ഥാപിക്കണമെന്ന് ദേശീയപാതാ അതോറിറ്റിയും കരാർ കമ്പനിയും ആവശ്യപ്പെട്ടെങ്കിലും കോടതി അത് ചെവിക്കൊണ്ടില്ല. ആദ്യം തകർന്ന സർവീസ് റോഡ് നന്നാക്കിയിട്ട് വരാനും അതുകഴിഞ്ഞ് ബാക്കി കാര്യം ആലോചിക്കാമെന്നും കോടതി നിലപാടെടുത്തു. ഉത്തരവ് പറയാനാണ് ഇന്ന് വന്നത്. എന്നാൽ, ഒരാഴ്ച മുമ്പ് നന്നാക്കിയ സർവീസ് റോഡ് തകർന്നതായുള്ള റിപ്പോർട്ടാണ് ലഭിച്ചത്. അതുകൊണ്ട് റോഡ് നന്നാക്കാതെ ഉത്തരവ് പറയാൻ സാധിക്കില്ലെന്ന് കോടതി വ്യക്തമാക്കി.

സംരക്ഷണഭിത്തി കെട്ടാനായി ആഴത്തിൽ കുഴിയെടുത്തതിനാലാണ് സർവീസ് റോഡ് തകർന്നതെന്നായിരുന്നു ദേശീയപാതാ അതോറിറ്റിയും കരാർ കമ്പനിയും കോടതിയെ അറിയിച്ചത്. ചെറിയ കാര്യങ്ങളുടെ പേരിൽ ടോൾ പിരിവ് തടയരുതെന്ന് അഭ്യർത്ഥിച്ചെങ്കിലും കോടതി അത് ചെവികൊണ്ടില്ല. വ്യാഴാഴ്ച ഹർജി വീണ്ടും ഹൈക്കോടതി ഡിവിഷൻ ബെഞ്ച് പരിഗണിക്കും. വ്യാഴാഴ്ചക്കുള്ളിൽ റോഡ് നന്നാക്കാനാണ് കരാർ കമ്പനിയോടും ദേശീയപാതാ അതോറിറ്റിയോടും ഹൈക്കോടതി നിർദേശിച്ചിരിക്കുന്നത്.

സ്വർണ്ണവില വീണ്ടും ഉയർന്നു

തൃശൂർ: സംസ്ഥാനത്ത് സ്വർണവില വീണ്ടും ഉയർന്ന് പുതിയ റെക്കോഡിലെത്തി. ഗ്രാമിന് 40 രൂപയുടെ വർധനവാണ് ഇന്നുണ്ടായത്. 10,320 രൂപയായാണ് സ്വർണവില ഉയർന്നത്. പവന് 340 രൂപയുടെ വർധന. 82,560 രൂപയായാണ് സ്വർണവില വർധിച്ചത്. ആഗോള വിപണിയിലും സ്വർണം പുതിയ റെക്കോഡ് കുറിക്കാനുള്ള ഒരുക്കത്തിലാണ്. 18 ഗ്രാം സ്വർണത്തിന്റെ വില 40 രൂപ വർധിപ്പിച്ച് 8480 ആയി.

ഹൃദയാഘാതം; മലയാളി യുവാവ് ഒമാനിൽ അന്തരിച്ചു

തൃശൂർ സ്വദേശി മസ്കത്തിൽ ഹൃദയാഘാതം മൂലം അന്തരിച്ചു. പാലിയേക്കര ചേക്കപ്പറമ്പിൽ ജസ്റ്റിൻ ജോസ് (27) ആണ് മരിച്ചത്. പിതാവ്: ജോസ്. മാതാവ്: സിജി ജോസ്. സഹോദരൻ: ജീവൻ സി. ജോസ്. തുടർനടപടികൾ പൂർത്തിയാക്കി മൃതദേഹം നെടുമ്പാശ്ശേരിയിലേക്കുള്ള ഒമാൻ എയറിൽ നാട്ടിലേക്ക് കൊണ്ടുപോയി. സംസ്കാര ശുശ്രൂഷ ഇന്ന് വൈകിട്ട് നാലുമണിക്ക് പുലക്കാട്ടുകര ഔർ ലേഡി ഓഫ് കാർമൽ ചർച്ച് സെമിത്തേരിയിൽ വച്ച് നടക്കുമെന്ന് ബന്ധുക്കൾ അറിയിച്ചു.

ഗസ്സ ആകെ കുഴപ്പത്തിലാണ്"; എന്തെങ്കിലും ചെയ്യാൻ കഴിയുമോയെന്ന് നോക്കാം: ട്രംപ്

വാഷിങ്ടൺ: ഗസ്സ ആകെ കുഴപ്പത്തിലാണെന്ന് യു.എസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ്. അവിടെ എന്തെങ്കിലും ചെയ്യാൻ കഴിയുമോയെന്ന് നോക്കാമെന്നും ട്രംപ് പറഞ്ഞു. ഗസ്സയെ കുറിച്ചുള്ള ചോദ്യങ്ങളോട് പ്രതികരിക്കുകയായിരുന്നു യു.എസ് പ്രസിഡന്റ്. ഗസ്സയെ യു.കെ ഉൾപ്പടെയുള്ള രാജ്യങ്ങൾ അംഗീകരിച്ചതിന് പിന്നാലെയാണ് ഡോണൾഡ് ട്രംപിന്റെ പ്രതികരണം.

ജോർഡൻ നദിയുടെ പടിഞ്ഞാറ് ഫലസ്തീനെന്ന രാജ്യമുണ്ടാവില്ല– നെതന്യാഹു

വാഷിങ്ടൺ: ജോർഡൻ നദിയുടെ പടിഞ്ഞാറ് ഫലസ്തീനെന്ന രാജ്യം ഇനിയുണ്ടാവില്ലെന്ന് ഇസ്രായേൽ പ്രധാനമന്ത്രി ബിന്യമിൻ നെതന്യാഹു. യു.കെ ഫലസ്തീൻ രാഷ്ട്രത്തിന് അംഗീകാരം നൽകിയത് തീവ്രവാദത്തിന് സമ്മാനം നൽകുന്നതിന് പോലെയാണെന്ന് നെതന്യാഹു വിമർശിച്ചു. ഇതിന് താൻ മറുപടി നൽകുമെന്നും അദ്ദേഹം പറഞ്ഞു.

യു.എന്നിലും മറ്റ് എല്ലാവേദികളിലും ഞങ്ങൾക്കെതിരായ നീക്കങ്ങൾക്കെതിരെ പോരാടും. ഫലസ്തീൻ രാഷ്ട്രമുണ്ടാക്കണമെന്ന് പറയുന്നത് തീവ്രവാദത്തിന് പ്രോത്സാഹനം നൽകുന്നത് പോലെയാണെന്നും അദ്ദേഹം പറഞ്ഞു.

ഫലസ്തീനെന്ന രാഷ്ട്രം ഉണ്ടാകുന്നത് താൻ വർഷങ്ങളായി തടയുകയായിരുന്നു. ഫലസ്തീൻ രാഷ്ട്രത്തിന് വേണ്ടി അന്താരാഷ്ട്രതലത്തിലും ആഭ്യന്തരതലത്തിലും വലിയ സമ്മർദം താൻ നേരിട്ടിട്ടുണ്ടെന്നും നെതന്യാഹു പറഞ്ഞു. സമ്മർദങ്ങൾക്കിടയിലും ജൂതകുടിയേറ്റം വ്യാപിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇതുതന്നെ വരും വർഷങ്ങളിലും തുടരുമെന്നും നെതന്യാഹു പറഞ്ഞു. ജോർഡൻ നദിയുടെ പടിഞ്ഞാറ് ഫലസ്തീനെന്ന രാഷ്ട്രമുണ്ടാവില്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.ഒക്ടോബർ ഏഴിലെ ഭീകരമായ കൂട്ടക്കൊലയ്ക്ക് ശേഷവും പലസ്തീനെ അംഗീകരിക്കുന്ന നേതാക്കൾക്കായി ഒരു കൃത്യമായ സന്ദേശം നൽകാം, നിങ്ങൾ ഭീകരതയ്ക്ക് വലിയ പ്രോത്സാഹനം നൽകുകയാണ്. എന്നാൽ, നിങ്ങൾക്ക് ഞാൻ മറ്റൊരു സന്ദേശം തരാം, അതൊരിക്കലും സംഭവിക്കൻ പോകുന്നില്ല.

ബിനാമി വായ്പകൾ നൽകിയിട്ടില്ല, വിശ്വസിച്ചവർ ചതിച്ചു

തിരു: ജീവനൊടുക്കിയ നഗരസഭാ കൗൺസിലറും സഹകരണസംഘം പ്രസിഡന്റുമായ ബിജെപി നേതാവ് തിരുമല അനിലിന്റെ ആത്മഹത്യാക്കുറിപ്പിലെ കൂടുതൽ വിവരങ്ങൾ പുറത്ത്. മരണവുമായി ബന്ധപ്പെട്ട് രാഷ്ട്രീയ വിവാദങ്ങൾ നിലനിൽക്കുന്ന സാഹചര്യത്തിലാണ് ആത്മഹത്യാക്കുറിപ്പിന്റെ നിർണായക ഭാഗങ്ങൾ പുറത്തുവന്നിരിക്കുന്നത്. 2 പേജുകളിലായാണ് കുറിപ്പുള്ളത്. തന്റെ ഭാഗത്തുനിന്ന് യാതൊരു സാമ്പത്തിക ബാദ്ധ്യതയും വന്നിട്ടില്ലെന്ന് അനിൽ കുറിപ്പിൽ വ്യക്തമാക്കിയിട്ടുണ്ട്. സഹകരണസംഘത്തിലെ സാമ്പത്തിക പ്രതിസന്ധിക്കളെ തുടർന്നാണ് അനിൽ ജീവനൊടുക്കിയത്.

'ബിനാമി വായ്പകൾ നൽകിയിട്ടില്ല. പ്രസ്ഥാനത്തെയും പ്രവർത്തകരെയും വഞ്ചിച്ചിട്ടില്ല. വിശ്വസിച്ചവർ ചതിച്ചു. ധാരാളം പണം പിരിഞ്ഞ് കിട്ടാനുണ്ട്. പല കാരണത്താൽ തിരിച്ചടവ് മുടങ്ങുന്നു. കഴിഞ്ഞ കുറേ നാളുകളായി ഞാൻ പ്രസിഡന്റായിട്ടുള്ള ഫാം ടൂറിസം സൊസൈറ്റി സാമ്പത്തിക പ്രതിസന്ധി നേരിടുകയാണ്. പഴയതുപോലെ വരുമാനമില്ല. മാനസിക സംഘർഷം താങ്ങാനാകുന്നില്ല'– അനിൽ കുറിപ്പിൽ വ്യക്തമാക്കി. എന്നാൽ ആരുടേയും പേര് ആത്മഹത്യാക്കുറിപ്പിൽ പരാമർശിച്ചിട്ടില്ല.

അതേസമയം, ബിജെപിയാണ് അനിലിന്റെ മരണത്തിനുപിന്നിലെന്നാണ് സിപിഎം ആരോപിക്കുന്നത്. അനിലിന്റെ ആത്മഹത്യയെ രാഷ്ട്രീയ മുതലെടുപ്പിന് വിനിയോഗിക്കുന്ന നിലപാടാണ് ബിജെപിയുടേതെന്ന് മന്ത്രി വി ശിവൻകുട്ടി പറഞ്ഞു. ഇതുപോലെ മനഃസാക്ഷിയില്ലാത്ത ഒരു പാർട്ടിയെ മുൻപ് കണ്ടിട്ടില്ലെന്നും അദ്ദേഹം പ്രതികരിച്ചു. എന്നാൽ സിപിഎമ്മും പൊലീസുമാണ് അനിലിന്റെ മരണത്തിന് പിന്നിലെന്ന് ആരോപിച്ച് മാർച്ചിനൊരുങ്ങുകയാണ് ബിജെപി.

മാർ ജേക്കബ് തൂങ്കുഴിയുടെ നിര്യാണത്തിൽ തൃശ്ശൂർ ലൂർദ് കത്തീഡ്രൽ ചർച്ചിൽ വച്ച് സംസ്ഥാന ഇലക്ട്രിസിറ്റി വകുപ്പ് മന്ത്രി കെ. കൃഷ്ണൻകുട്ടി സാരി സമർപ്പിച്ച് അനുശോചനം രേഖപ്പെടുത്തി. ജില്ലാ പ്രസിഡന്റ് അഡ്വക്കേറ്റ് സി. ടി ജോഫി, സംസ്ഥാന കമ്മിറ്റി അംഗം ജോൺ വാഴപ്പിള്ളി, ഐ. എ റപ്പായി, പ്രകാശൻ മാസ്റ്റർ, പ്രീജു ആന്റണി, ആന്റോ മോഹൻ മറ്റു സംസ്ഥാന, ജില്ലാ നേതാക്കൾ ചടങ്ങിൽ പങ്കെടുത്തു

ജിഎസ്ടി പരിഷ്കരണം നടപ്പാക്കിയത് വേണ്ടത്ര പഠനം ഇല്ലാതെ

പഴയ നിലയിലേക്ക് മാറാൻ സാദ്ധ്യത: മന്ത്രി കെഎൻ ബാലഗോപാൽ

തിരു: ജിഎസ്ടി കൗൺസിലിന്റെ തീരുമാനത്തിൽ കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾ പങ്കുവഹിച്ചിട്ടുണ്ടെന്ന് ധനകാര്യ മന്ത്രി കെഎൻ ബാലഗോപാൽ. ഉൽപ്പന്നങ്ങൾക്ക് വില കുറയുന്നത് ഉൾപ്പെടെയുള്ള കാര്യങ്ങളിൽ ഒരു സംസ്ഥാനം പോലും എതിരഭിപ്രായം ഉന്നയിച്ചിട്ടില്ല. എന്നാൽ, വേണ്ടത്ര പഠനം ഇല്ലാതെയാണ് പരിഷ്കരണം നടപ്പാക്കിയതെന്നും അദ്ദേഹം പറഞ്ഞു.

'നേട്ടം ജനങ്ങൾക്ക് കിട്ടണം. എന്നാൽ, നികുതി കുറയ്ക്കുന്ന സമയത്ത് പല കമ്പനികളും ഇതിന്റെ നേട്ടം ജനങ്ങളിലേക്ക് എത്തിക്കില്ല. കേന്ദ്രമന്ത്രിമാർ ഉൾപ്പെടെ ഈ വിഷയം സമ്മതിച്ചതാണ്. ഏതാനും മാസങ്ങൾ കഴിയുമ്പോൾ വീണ്ടും കാര്യങ്ങൾ പഴയ നിലയിലേക്ക് മാറാൻ സാദ്ധ്യതയുണ്ട്. മാത്രമല്ല, ജിഎസ്ടി പരിഷ്കരണത്തിന്റെ ഭാഗമായി കൃത്യമായ പഠനങ്ങൾ നടത്തിയിട്ടില്ല. 50,000 കോടി മുതൽ 2,00,000 രൂപ വരെ നഷ്ടം കേരളത്തിന് സംഭവിക്കാം എന്നുള്ള അഭിപ്രായങ്ങളുണ്ട്.

ഇത്രയും പണം ഒരു വർഷം നഷ്ടപ്പെട്ടാൽ സാമൂഹിക ക്ഷേമ പെൻഷൻ, ശമ്പളം, വികസനം എന്നിവയ്ക്ക് പണമില്ലാതാകും. സംസ്ഥാനങ്ങൾക്ക് വേറെ വരുമാനം ഉണ്ടാക്കാൻ മാർഗമില്ല. എല്ലാ സംസ്ഥാനങ്ങളുടെയും ആകെ വരുമാനത്തിന്റെ 41 ശതമാനവും ജിഎസ്ടിയിൽ നിന്നാണ്. അത് നഷ്ടപ്പെട്ട് കഴിഞ്ഞാൽ വലിയ പ്രശ്നം ആണ്. ഈ നഷ്ടം നികത്താൻ എന്ത് ചെയ്യും എന്നതിൽ വ്യക്തതയില്ല. ജനങ്ങൾക്ക് ശമ്പളം ലഭിച്ചാലല്ലേ കുറഞ്ഞ വിലയ്ക്ക് സാധനം വാങ്ങാൻ സാധിക്കൂ' – മന്ത്രി പറഞ്ഞു.

കെഎസ്ആർടിസി ബസിന് മുകളിലേക്ക് മരം വീണു

പുതുക്കാട്: കെഎസ്ആർടിസി സ്റ്റാൻഡിൽ നിർത്തിയിട്ടിരുന്ന രണ്ട് ബസുകളുടെ മുകളിലേക്ക് മരം വീണു. ആർക്കും പരിക്കില്ല ബസുകൾക്ക് കേടുപാടുകൾ സംഭവിച്ചു.

ക്ഷേത്രത്തിൽ മോഷണം

ഏനമാവ്: കരുവന്തല ഭഗവതി ക്ഷേത്രത്തിൽ മോഷണം. ക്ഷേത്രത്തിനുള്ളിലെ ലോക്കറും ഓഫീസ് റൂമിലെ അലമാരകളുടെയും ടിക്കറ്റ് കൗണ്ടറിലെ അലമാരകളുടെയും പൂട്ടുകൾ തകർത്തിട്ടുണ്ട്. 5000 രൂപയോളം നഷ്ടപ്പെട്ടു. പോലീസ് സ്ഥലത്തെത്തി.

ഓൺലൈൻ തട്ടിപ്പിനിരയായി 11ലക്ഷം രൂപ നഷ്ടപ്പെട്ടു; വീടുവിട്ടിറങ്ങിയ വീട്ടമ്മ തിരിച്ചെത്തി

പാലക്കാട്: ഓൺലൈൻ തട്ടിപ്പിന് ഇരയായതിനെത്തുടർന്ന് വീടുവിട്ടിറങ്ങിയ കടമ്പഴിപ്പുറം സ്വദേശിയായ വീട്ടമ്മ തിരിച്ചെത്തി. ആലങ്ങാട് ചല്ലിക്കൽ വീട്ടിൽ പ്രേമയാണ് ഇന്നലെ രാത്രി 12 മണിയോടെ തിരിച്ചെത്തിയത്. ഇത്രയും ദിവസം ഇവർ ഗുരുവായൂരിലായിരുന്നു കഴിഞ്ഞതെന്ന് ബന്ധുക്കൾ പറഞ്ഞു.

ഈ മാസം 13ന് അർദ്ധരാത്രിയോടെയാണ് പ്രേമ വീടുവിട്ടിറങ്ങിയത്. 15 കോടി രൂപ സമ്മാനം ലഭിച്ചിട്ടുണ്ടെന്നും അത് ലഭിക്കാൻ 11 ലക്ഷം രൂപ നൽകണമെന്നും സമൂഹ മാദ്ധ്യമം വഴി പരിചയപ്പെട്ടവർ വിശ്വസിപ്പിച്ചിരുന്നു. തട്ടിപ്പുകാർ പറഞ്ഞ മൂന്ന് അക്കൗണ്ടിലേക്ക് ബന്ധു മുഖേന തുക കൈമാറി. വീണ്ടും അഞ്ച് ലക്ഷം രൂപ ആവശ്യപ്പെട്ടതോടെയാണ് വഞ്ചിക്കപ്പെട്ടുവെന്ന് പ്രേമയ്ക്ക് ബോദ്ധ്യമായത്. തുടർന്ന് വീടുവിട്ടിറങ്ങുകയായിരുന്നു.

ഉണ്ണിമുകുന്ദന് സമൻസ്

കൊച്ചി: മുൻ മാനേജരെ മർദ്ദിച്ചെന്ന കേസ്: നടൻ ഉണ്ണി മുകുന്ദൻ നേരിട്ട് ഹാജരാകണമെന്ന് കോടതി. കാക്കനാട് മജിസ്ട്രേറ്റ് കോടതിയാണ് സമൻസ് അയച്ചത്. ഒക്ടോബർ 27ന് ഹാജരാകാനാണ് നിർദ്ദേശം.

4ജില്ലകളിൽ മഴ കനക്കും

തൃശൂർ: സംസ്ഥാനത്ത് മഴ മുന്നറിയിപ്പിൽ മാറ്റം. അടുത്ത മൂന്നു മണിക്കൂറിനുള്ളിൽ നാല് ജില്ലകളിൽ മഴ മുന്നറിയിപ്പ്. തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ ഒറ്റപ്പെട്ടയിടങ്ങളിൽ ഇടത്തരം മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥവകുപ്പ് അറിയിച്ചു

എച്ച്–1 ബി വിസ: സമ്മർദത്തിൽ ഐടി കമ്പനികൾ, ഓഹരികളിൽ 6%വരെ തകർച്ച

മുംബൈ: എച്ച്–1 ബി വിസയുടെ ഫീസ് ഒരു ലക്ഷം ഡോളറായി (88 ലക്ഷം രൂപ) ഉയർത്തിയതിനെ തുടർന്ന് വിപണിയിൽ തിരിച്ചടി നേരിട്ട് ഐ.ടി ഓഹരികൾ. ടി.സി.എസ്, ഇൻഫോസിസ്, വിപ്രോ, എച്ച്.സി.എൽ ടെക്, ടെക് മഹീന്ദ്ര, കോഫോർജ് തുടങ്ങിയ വൻകിട ഐ.ടി കമ്പനികളുടെ ഓഹരികൾ രാവിലത്തെ വ്യാപാരത്തിനിടെ 6% വരെ ഇടിവ് നേരിട്ടു. ഏറെക്കാലത്തെ ദുർബല സാഹചര്യം മറികടന്ന് ഉണർവ് പ്രകടിപ്പിക്കാൻ തുടങ്ങിയപ്പോഴായിരുന്നു ട്രംപിന്റെ അടുത്ത വെടിപൊട്ടിക്കൽ.

ടെക് മഹീന്ദ്രയുടെ ഓഹരി വില 5% താഴ്ന്ന് 1,453 നിലവാരത്തിലെത്തി. ഇൻഫോസിസിന്റെ വിലയാകട്ടെ 1,482 രൂപയും ടി.സി.എസിന്റേത് 3,065 രൂപയിലുമെത്തി. എച്ച്.സി.എൽ ടെകിന്റെ ഓഹരി വില 1,415 രൂപയായി. കോഫോർജ് 1,702 നിലവാരത്തിലുമാണ്. ഈ ഓഹരികളിൽ മൂന്ന് ശതമാനം വരെയാണ് നഷ്ടം രേഖപ്പെടുത്തിയത്. നിഫ്റ്റി ഐ.ടി സൂചികയാകട്ടെ 3% ഇടിഞ്ഞ് 35,482ൽ എത്തുകയും ചെയ്തു.

ഈ വർഷം ഇതുവരെ ഐ.ടി ഓഹരികളിൽ കനത്ത ചാഞ്ചാട്ടം പ്രകടമായിരുന്നു. ടി.സി.എസ് 23 ശതമാനവും ഇൻഫോസിസ് 18 ശതമാനവും വിപ്രോ 14.6 ശതമാനവും ഇടിവ് നേരിട്ടു. ദുർബലമായ ആഗോള ഡിമാന്റും വരുമാനത്തെ കുറിച്ചുള്ള ആശങ്കയുമായിരുന്നു ഈ സമ്മർദത്തിന് പിന്നിൽ. താരിഫ് വിഷയത്തിൽ ട്രംപ് അനുരഞ്ജനത്തിന്റെ വഴിയിലേക്ക് കടന്നതിനെ തുടർന്ന് ഈയിടെ ഐ.ടി തിരിച്ചുവരവ് നടത്തിയിരുന്നു. ആ സമയത്താണ് വിസയ്ക്കുമേലുള്ള ട്രംപിന്റെ ഇടപെടലുണ്ടായത്.

ട്രംപിന്റെ ഈ നീക്കം ഐടി കമ്പനികളുടെ ലാഭക്ഷമതയിൽ ഒന്നര ശതമാനം വരെ കുറവുണ്ടാക്കിയേക്കാമെന്നാണ് വിലയിരുത്തൽ. ഇന്ത്യൻ ഐ.ടി കമ്പനികളിലെ എച്ച്–1ബി ജീവനക്കാരുടെ വാർഷിക ശമ്പളം 80,000 മുതൽ 1,20,000 ഡോളർ വരെയാണ്. പുതിയതായി ഏർപ്പെടുത്തിയ ഫീസ് ഒരു വർഷത്തെ ശമ്പളത്തിന് തുല്യമോ അതിൽ കൂടുതലോ ആണ്.

ഇന്ന് സഞ്ചയനം

22 – 09 – 2025



പടുത്താംകുളങ്ങര വീട്ടിൽ
ഡോ. പി എൻ. സുഗതൻ (80)
(റിട്ട. ഹെൽത്ത് സർവീസ് ഡെപ്യൂട്ടി ഡയറക്ടർ
കൂർക്കഞ്ചേരി – തൃശൂർ

എന്റെ പ്രിയ ഭർത്താവ് റിട്ട. ഹെൽത്ത് സർവ്വീസ് ഡെപ്യൂട്ടി ഡയറക്ടർ കൂർക്കഞ്ചേരി പടുത്താംകുങ്ങര വീട്ടിൽ ഡോ. പി എൻ. സുഗതൻ (80) നിര്യാതനായി. നിര്യാണവാർത്തയറിഞ്ഞ് നേരിട്ടുവന്നും അനുശോചന സന്ദേശങ്ങൾ വഴിയും ഞങ്ങളെ സമാശ്വസിപ്പിക്കുകയും തുടർന്ന് സംസ്കാര കർമ്മങ്ങളിലും പങ്കുകൊണ്ട് പരേതന്റെ ആത്മശാന്തിക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്ത ബന്ധുമിത്രാദികൾ, നല്ലവരായ നാട്ടുകാർ, ജനപ്രതിനിധികൾ, രാഷ്ട്രീയ–സാമൂഹിക–കലാ–സാംസ്കാരിക രംഗത്തെ പ്രമുഖർ, ഉദ്യോഗസ്ഥ പ്രമുഖർ, വ്യാപാരി വ്യവസായികൾ, സമൂഹത്തിലെ മറ്റു എല്ലാ ബഹുമാന്യ വ്യക്തികൾ എന്നിവർക്കും ഞങ്ങൾക്കുള്ള കൃതജ്ഞതയും കടപ്പാടും അറിയിക്കുന്നു.

ദുഃഖസ്മരണകളോടെ....
ഭാര്യ: രാധാമണി
മക്കൾ : സുധ, സുമ
മരുമക്കൾ : ഡോ. അനീഷ്, ഷിബിൻ
–മറ്റു കുടുംബാംഗങ്ങൾ–

മരണവിവരം യഥാസമയം ആരെയെങ്കിലും അറിയിക്കുവാൻ വിട്ടുപോയിട്ടുണ്ടെങ്കിൽ ക്ഷമാപണം,

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

എച്ച് ഡി എസ് വിരമിക്കൽ ആനുകൂല്യം നൽകുകയും, വേതനം വർദ്ധിപ്പിക്കുകയും ചെയ്യണം: സുന്ദരൻ കുന്നത്തുള്ളി

തൃശൂർ: ഗവൺമെന്റ് മെഡിക്കൽ കോളേജ് എച്ച്ഡിഎസ് ജീവനക്കാരുടെ നിലവിലുള്ള വേതനം വർദ്ധിപ്പിക്കണമെന്നും, രണ്ട് ആശുപത്രികളിലെയും ജീവനക്കാരുടെ വേതനം 800 രൂപയായി വർദ്ധിപ്പിക്കുകയും ഏകീകരിക്കുകയും ചെയ്യണമെന്ന് സുന്ദരൻ കുന്നത്തുള്ളി. ജോലിയിൽ നിന്നും പിരിയുമ്പോൾ വിരമിക്കൽ ആനുകൂല്യം നൽകുവാൻ നടപടികൾ സ്വീകരിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

വർഷങ്ങളായി ജോലി ചെയ്തു വരുന്ന എച്ച് ഡി എസ് ജീവനക്കാർക്ക് മാന്യമായ അവധിയും ലീവും അടിയന്തരമായി അനുവദിക്കണമെന്നും അദ്ദേഹം എടുത്തു പറഞ്ഞു.

തൃശ്ശൂർ ഗവൺമെന്റ് മെഡിക്കൽ കോളേജ് എച്ച്ഡിഎസ് എംപ്ലോയീസ് കോൺഗ്രസ് (ഐ എൻ ടി യു സി) സമ്മേളനവും ഐഡി കാർഡ് വിതരണവും ഉദ്ഘാടനം തൃശൂർ ഗവൺമെന്റ് മെഡിക്കൽ കോളേജ് അലുമിനി ഹാളിൽ നിർവഹിക്കുകയായിരുന്നു അദ്ദേഹം.

പ്രസിഡന്റ് കെ എൻ നാരായണൻ അധ്യക്ഷത വഹിച്ച യോഗത്തിൽ, കെപിസിസി സെക്രട്ടറി രാജേന്ദ്രൻ അരങ്ങത്ത്, ഐഎൻടിയുസി ജില്ല വൈസ് പ്രസിഡണ്ട് എം ആർ രവീന്ദ്രൻ, അവണൂർ ഗ്രാമപഞ്ചായത്ത് പ്രതിപക്ഷ നേതാവ് ഐ ആർ മണികണ്ഠൻ, നഗരസഭ കൗൺസിലർ ജോയൽ മഞ്ഞില, ഗ്രാമപഞ്ചായത്ത് അംഗങ്ങളായ സുരേഷ് അവണൂർ, ബിന്ദു സോ മൻ, ഇ ടി ബിജു ഐഎൻടിയുസി വടക്കാഞ്ചേരി റീജിനൽ കമ്മിറ്റി പ്രസിഡണ്ട് സി കെ ഹരിദാസ്, കെ ജി ഒ യു സംസ്ഥാന കമ്മിറ്റി മെമ്പർ കെ പി ഗിരീഷ്, എൻജിഒ അസോസിയേഷൻ ജില്ലാ ജോയിന്റ് സെക്രട്ടറി കെ എസ് മധു, ജനറൽ സെക്രട്ടറി സി ഡി വത്സ, ഡി ഉണ്ണിക്കൃഷ്ണൻ, ഷാജു വി എ, രാജു പി എഫ്, എ എസ് നദീറ തുടങ്ങിയവർ സംസാരിച്ചു.

ഭിന്നശേഷി കുട്ടികളുടെ ദന്ത സുരക്ഷ ഉറപ്പാക്കാൻ നിപ്മറിൽ ശിൽപശാല

തൃശൂർ: ഭിന്നശേഷി കുട്ടികളുടെ ദന്ത സുരക്ഷ ഉറപ്പാക്കാൻ ദന്ത ഡോക്ടർമാരെ സാങ്കേതിമായി പരിശീലിപ്പിക്കാൻ നിപ്മറിൽ ശിൽപശാല നടത്തി. ഭിന്നശേഷിക്കാരുടെ ദന്തസുരക്ഷ മുഴുവൻ ദന്ത ഡോക്ടർമാരിലേക്കും എത്തിക്കാൻ നടത്തിയ ശിൽപശാല

കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല വിദ്യാർത്ഥി കാര്യ ഡീൻ ഡോ ആശിഷ് ആർ ഉത്ഘാടനം ചെയ്തു.

ചടങ്ങിൽ ഡോ ജയപ്രകാശ്, നിപ്മർ പ്രിൻസിപ്പൽ അന്ന ധാനിയേൽ തുടങ്ങിയവർ സംസാരിച്ചു. തൃശ്ശൂർ ഡെൻറൽ കോളേജിലെ ഡോ ഇക്ബാൽ വിഏം, ശിശുരോഗവിദഗ്ദ്ധ, ഡോ കീർത്തിഎസ്, പീഡോഡോൺറ്റിക്സ് ഡോ രഞ്ജു രാജ്, ഡോ: ചിത്ര ബോസ് തുടങ്ങിയവർ ക്ലാസുകൾ നയിച്ചു. വിവിധ കോളേജുകളിൽ നിന്നായി 50 ഓളം ഡോക്ടർമാരും വിദ്യാർത്ഥികളും പരിശീലന പരിപാടിയിൽ പങ്കെടുത്തു.ഭിന്ന ശേഷിക്കാർക്കായുള്ള ദന്ത പരിചരണം സംബന്ധിച്ച് ഇത്തരം ഒരു പരിശീലനപരിപാടി സംസ്ഥാനത്ത് ആദ്യമാണെന്ന് എക്സിക്യൂട്ടീവ് ഡയരക്റ്റർ സി. ചന്ദ്രബാബു പറഞ്ഞു.

ഭിന്നശേഷിക്കാരായ കുട്ടികളുടെയും മുതിർന്നവരുടെയും ദന്ത പരിപാലനത്തിനായി നിപ്മറിൽ സ്പെഷ്യൽ ഡെന്റൽ യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. എങ്കിലും ഇത് കൂടുതൽ പേർക്ക് ലഭ്യമാക്കുന്നതിനാണ് ശിൽപ്പശാല ലക്ഷ്യം വച്ചത്.

ഹുറൂൺ ഇന്ത്യ എക്സലൻസ് അവാർഡ് വി പി നന്ദകുമാർ കുടുംബത്തിന്

വലപ്പാട്. ബർക്ലേസ് പ്രൈവറ്റ് ക്ലയന്റ്സും ഹുറൂൺ ഇന്ത്യയും ചേർന്നു നൽകുന്ന 2025ലെ എക്സലൻസ് അവാർഡ് വി പി നന്ദകുമാർ കുടുംബത്തിന്. കുടുംബ ബിസിനസിൽ നേതൃപാടവം പ്രകടിപ്പിക്കുകയും മികച്ച പ്രകടനം നടത്തുകയും ചെയ്യുന്നവർക്കുള്ള അവാർഡാണ് മണപ്പുറം ഫിനാൻസ് ലിമിറ്റഡ് ചെയർമാൻ വി പി നന്ദകുമാറിന്റെ കുടുംബത്തിനു ലഭിച്ചത്. രാജ്യത്തെ സാമ്പത്തിക മേഖലയ്ക്കു മണപ്പുറം ഫിനാൻസ് നൽകി വരുന്ന മാതൃകാപരമായ സംഭാവനയാണ് ഇതിനായി പരിഗണിക്കപ്പെട്ടത്. കുടുംബത്തിനു വേണ്ടി വി പി നന്ദകുമാറിന്റെ മരുമകൾ നിനി സുഹാസ് അവാർഡ് ഏറ്റു വാങ്ങി.

മണപ്പുറം ഫിനാൻസ് ലിമിറ്റഡിന്റെ കുതിപ്പും അത് സമൂഹത്തിൽ സൃഷ്ടിക്കുന്ന ഗുണപരമായ ഫലവും അംഗീകരിക്കപ്പെടുന്നതിൽ അതിയായ ആഹ്ലാദമുണ്ടെന്ന് അവാർഡ് സ്വീകരിച്ചു സംസാരിക്കവേ നിനി സുഹാസ് പറഞ്ഞു. വർഷങ്ങളായി കമ്പനിയിൽ അർപ്പിതമായ വിശ്വാസം ഉയർത്തിപ്പിടിച്ച് എല്ലാവരേയും ഉൾക്കൊള്ളുന്ന സാമ്പത്തിക വളർച്ച യ് ക്കാ യി ശ്രമിക്കുമെന്ന് അവർ കൂട്ടിച്ചേർത്തു.

രാജ്യത്തെ ഏറെ ആദരിക്കപ്പെടുന്ന മുപ്പതോളം ബിസിനസ് കുടുംബങ്ങളുടെ സംഗമ വേദി കൂടിയായി അവാർഡ് ദാനച്ചടങ്ങ്. രാജ്യത്തുടനീളം വളർന്ന ഈ കുടുംബ വ്യവസായങ്ങൾ സമൂഹങ്ങൾക്ക് രൂപം നൽകുകയും സമ്പദ് ഘടനയെ ശക്തിപ്പെടുത്തുകയും തലമുറകളിലൂടെ അതിന്റെ മികവ് കൈമാറുകയും ചെയ്തിട്ടുണ്ട്. ഇത് രണ്ടാം വർഷമാണ് ബർക്ലേസ് പ്രൈവറ്റ് ക്ലയന്റ്സ്സും ഹുറൂൺ ഇന്ത്യയും ചേർന്ന് ഇന്ത്യൻ കുടുംബ വ്യവസായ മേഖലയെ ആദരിക്കുന്നത്.

ഇതോടനുബന്ധിച്ച് "ഫ്രം വെൽത്ത് ക്രിയേഷൻ ടു സ്റ്റ്യൂവർഡ്ഷിപ്പ്-ദി എവല്യൂഷൻ ഓഫ് ഫാമിലി ബിസിനസ് ലീഡർഷിപ്പ്'' എന്ന വിഷയത്തിൽ നടന്ന പാനൽ ചർച്ചയിൽ പാർഥിവ് നിയോടിയ (അംബുജ നിയോടിയ), കൃഷ്ണ ദുഷ്യന്ത് റാണ (പ്ലാറ്റിനം ഇൻഡസ്ട്രീസ്), മിറിക് ഗോഗ്രി (ആർതി ഇൻഡസ്ട്രീസ്) എന്നിവർ പങ്കെടുത്തു. ബർക്ലേസ് പ്രൈവറ്റ് ക്ലയന്റ്സിന്റെ ആദ്യിഷ് ഘോഷ് മോഡറേറ്ററായിരുന്നു. തുടർന്ന് സഞ്ജീവ് ഗോയങ്ക (ആർപിഎസ്ജി ഗ്രൂപ്പ്), ഹർഷ്ബീന സവേരി (എൻആർബി ബെയറിംഗ്സ്) എന്നിവരുമായി നടന്ന ആശയവിനിമയം കുടുംബ ബിസിനസ് നേരിടുന്ന വെല്ലുവിളികളിലേക്കും ?സാധ്യതകളിലേക്കും വെളിച്ചം വീശുന്നതായി.

കെ കെ ടി എം കോളേജിൽ ഓണാഘോഷം

തൃശൂർ: ഗവ. കെ കെടിഎം കോളേജ് അലുമിനി അസോസിയേഷൻ തിരുവോണത്തേര് എന്ന പേരിൽ വിപുലമായ ഓണാഘോഷം സംഘടിപ്പിച്ചു. കോളേജിലെ പൂർവ്വ വിദ്യാർത്ഥിയും ഐസിഎൽ ഗ്രൂപ്പ് എംഡിയുമായ അഡ്വ. അനിൽകുമാർ ഉദ്ഘാടനം ചെയ്തു. മറിമായം ഫൈയിം ഗ്രീഷ്മ ബാലചന്ദ്രൻ, ഫ്ലവേഴ്സ് ടോപ് സിംഗർ ഫൈയിം സെബാ മൂൺ, കാലിക്കറ്റ് യൂണിവേഴ്സിറ്റി യൂണിയൻ ചെയർപേഴ്സൺ പി കെ ഷിഫാന എന്നിവർ മുഖ്യ അതിഥികൾ ആയിരുന്നു. തിരുവാതിര കളി, ഓണപ്പാട്ടുകൾ, ഊഞ്ഞാലുകളി, വടംവലി മത്സരം, മറ്റ് അനേകം കലാകായിക മത്സരങ്ങൾ എന്നിവ നടന്നു. പ്രസിഡന്റ് കെ എൻ അജിത് കുമാർ അധ്യക്ഷത വഹിച്ചു. എ ആർ രാമദാസ്, പി എസ് മനോജ്, കലാഭവൻ മണികണ്ഠൻ, ഡോ. സുമതി അച്യുതൻ, നന്ദനൻ എം കെ എന്നിവർ പ്രസംഗിച്ചു

പ്രാദേശിക തൊഴിൽമേള സംഘടിപ്പിച്ചു

തൃശൂർ:സംസ്ഥാന സർക്കാരിന്റെ വിജ്ഞാനകേരളം പദ്ധതിയുടെ ഭാഗമായി കുന്നംകുളം നഗരസഭ അസാപ് കമ്മ്യൂണിറ്റി സ്കിൽ പാർക്കുമായി സഹകരിച്ച് പ്രാദേശിക തൊഴിൽമേള 'കൈകോർക്കാം' സംഘടിപ്പിച്ചു. അസാപ് കമ്മ്യൂണിറ്റി സ്കിൽ പാർക്കിൽ നടന്ന തൊഴിൽമേള നഗരസഭ ചെയർപേഴ്സൺ സീത രവീന്ദ്രൻ ഉദ്ഘാടനം ചെയ്തു. വൈസ് ചെയർപേഴ്സൺ സൗമ്യ അനിലൻ അധ്യക്ഷത വഹിച്ചു.

അരിപ്പാലം എസ്എൻഡിപി ശാഖ 2538 ആഭിമുഖ്യത്തിൽ ഗുരു സമാധി ദിനചാരണം പായമ്മൽ ഗുരുമന്ദിരത്തിൽ ഗുരുപൂജ, അർച്ചന, ഗുരുകീർത്തനം,ഉപവാസം പ്രസാദ വിതരണം എന്നിവയോടെ നടന്നു. ശാഖ സെക്രട്ടറി സുജാതൻ. ഇ. എ, ശാഖ പ്രസിഡന്റ്മോഹനൻ കൂട്ടാക്കൽ തുടങ്ങിയവർ പങ്കെടുത്തു. ഷീജു ടീച്ചർ, പവിത്രൻ എന്നിവർ സംസാരിച്ചു

ത്യപ്രയാർ നാടകവിരുന്ന് ആരംഭിച്ചു

തൃപ്രയാർ: 12 ദിവസത്തെ നാടക രാവുകൾക്ക് തുടക്കം കുറിച്ചുകൊണ്ട് ത്യപ്രയാർ നാടകവിരുന്ന് ആരംഭിച്ചു. നാടക വിരുന്ന് രക്ഷാധികാരി എം. ആർ. ഗോപാലകൃഷ്ണന്റെ അധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ മുൻ എംഎൽഎ കെ. യു. അരുണൻ മാസ്റ്റർ 26- മത് നാടകവീരുന്ന് ഉദ്ഘാടനം ചെയ്തു.

മുൻ എംഎൽഎ ഗീതഗോപി, ജില്ലാ പഞ്ചായത്ത് വികസനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ മഞ്ജുള അരുണൻ,വാർഡ് മെമ്പർ സി .എസ് മണികണ്ഠൻ, ബിജെപി തൃശ്ശൂർ ജില്ല സെക്രട്ടറി ഇ. പി. ഹരീഷ് മാസ്റ്റർ, നാട്ടിക സർവീസ് സഹകരണ ബാങ്ക് പ്രസിഡൻറ് കെ. കെ. ധർമ്മപാലൻ മാസ്റ്റർ, നാടകവിരുന്ന് ജനറൽ കൺവീനർ കെ. വി രാമകൃഷ്ണൻ എന്നിവർ സംസാരിച്ചു.

തുടർന്ന് കൊല്ലം അനശ്വരയുടെ ആകാശത്ത് ഒരു കടൽ എന്ന നാടകം അരങ്ങേറി .രണ്ടാം ദിവസമായ തിങ്കളാഴ്ച അമ്പലപ്പുഴ സാരഥി നവജാതശിശു വയസ്സ് 84 എ൩ന്ന നാടകം അരങ്ങേറും.

അക്വാറ്റിക്സ് ക്ലബിനു റൂബി ജൂബിലി

തൃശൂർ: അക്വാറ്റിക്സ് ക്ലബിന്റെ 40-ാം വാർഷിക റൂബി ജൂബിലി ആഘോഷവും ഓണാഘോഷ പരിപാടികളുടെ സമാപനവും തൃശൂർ ജില്ലാ കളക്ടർ അർജുൻ പാണ്ഡ്യൻ ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് ജോസ് പുതുക്കാടൻ അധ്യക്ഷനായി.

റൂബി ജൂബിലി സുവനീർ ഡയറക്ടറിയുടെ പ്രകാശനവും കളക്ടർ നിർവഹിച്ചു. നീന്തൽ അടക്കം വിവിധ മൽസരങ്ങളിൽ ജേതാക്കളായവർക്കു പുരസ്കാരങ്ങൾ സമ്മാനിച്ചു. സെക്രട്ടറി ജോഫി ജോസഫ് പ്രസംഗിച്ചു.

ആയിരത്തിലേറെ അംഗങ്ങളും കുടുംബാംഗങ്ങളും ഒരുക്കിയ കലാവിരുന്നും ഫാഷൻ ഷോയും ഉണ്ടായിരുന്നു. പ്രസിഡന്റ് ജോസ് പുതുക്കാടന്റെ നേതൃത്വത്തിൽ അക്വാ റോക്കേഴ്സ് നൃത്തവും ഡോക്ടർമാർ അണിയിച്ചൊരുക്കിയ 'ആശുപത്രിയിലെ അട്ടഹാസം' എന്ന സ്കിറ്റും അടക്കമുള്ള കലാവിരുന്ന് ആകർഷകമായി.

നിരവധി സ്പോർട്സ് ഇനങ്ങളിൽ പരിശീലനം നൽകുന്ന ക്ലബ്, സാമൂഹ്യ സേവനങ്ങളുടെ ഭാഗമായി പിന്നാക്ക മേഖലയിലെ വിദ്യാർത്ഥികൾക്കു പഠനോപകരണങ്ങളും സ്പോർട്സ് കിറ്റും അടക്കമുള്ളവ വിതരണം ചെയ്തിട്ടുണ്ടെന്ന് പ്രസിഡന്റ് ജോസ് പുതുക്കാടൻ വെളിപെടുത്തി. പ്രകൃതി ദുരന്തങ്ങളിൽ ദുരിതമനുഭവിച്ചവർക്കും ഭവനരഹിതർക്കും സഹായങ്ങൾ നൽകി.

നിര്യാതയായി

സുഹറ

പുന്നക്ക ബസാർ: പുളിഞ്ചോട് കിഴക്ക് ഭാഗം താമസിക്കുന്ന പരേതനായ ഞാറക്കാട്ടിൽ അലിയാരിന്റെ ഭാര്യ സുഹറ (പരേതനായ പാണ്ടാ പറമ്പത്തു അബ്ദുറഹ്മാന്റെ മകൾ) മരണമടഞ്ഞ വിവരം അറിയിക്കുന്നു. ഖബറടക്കം ഇന്ന് രാവിലെ പുതിയ കാവ് ജുമാ മസ്ജിദ് ഖബർസ്ഥാനിൽ നടത്തി.

ലാളിത്യവും വിനയവും കരുത്താക്കിയ ഇടയ ശ്രേഷ്ഠൻ

ഇരിങ്ങാലക്കുട: കഴിഞ്ഞദിവസം വിടവാങ്ങിയ മാർ തൂങ്കുഴി പിതാവ് ലാളിത്യവും വിനയവും കരുത്താക്കിയ ഇടയ ശ്രേഷ്ഠനെന്ന് ഐ.സി.എൽ ഫിൻ കോർപ് സി.എം.ഡിയും ലാറ്റിൻ അമേരിക്കൻ കരീബിയൻ ട്രേഡ് കൗൺസിൽ ഗുഡ് വിൽ അംബാസിഡറുമായ അഡ്വ. കെ. ജി അനിൽകുമാർ അനുസ്മരിച്ചു. സൗമ്യതയും ശാന്തതയും അടിയുറച്ച വിശ്വാസം കൊണ്ടും ഏവരുടെയും ഹൃദയത്തിൽ ഇടം നേടിയ മനുഷ്യസ്നേഹിയായിരുന്നു മാർ ജേക്കബ് തൂങ്കുഴി പിതാവെന്നും, ആത്മീയ അജപാലന ദൗത്യത്തിൽ ആഴത്തിലുള്ള വിശ്വാസം കൊണ്ടും ത്യാഗനിർഭരമായ പ്രവർത്തന ശൈലി കൊണ്ടും മനുഷ്യഹൃദയത്തിൽ അണയാത്ത ദീപമായി പിതാവ് എന്നും നിലനിൽക്കുമെന്നും, വ്യക്തിപരമായി വളരെ അടുത്തറിഞ്ഞ സ്നേഹപിതാവിനെയാണ് നഷ്ടപ്പെട്ടത് എന്നും അനിൽകുമാർ പറഞ്ഞു.

പാലിശ്ശേരി വില്ലേജ് സമ്മേളനം സമാപിച്ചു

ചേർപ്പ്: അഖില കേരള ജനാധിപത്യ മഹിളാ അസോസിയേഷൻ പാലിശ്ശേരി വില്ലേജ് സമ്മേളനം (വി ആർ സരള നഗർ) എ എൽ പി എസ് പെരിഞ്ഞേരിയിൽ വെച്ച് നടത്തപ്പെട്ടു.

അസോസിയേഷൻ പ്രസിഡണ്ട് സബിത കണ്ണന്റെ അധ്യക്ഷതയിൽ പരിപാടികൾ ആരംഭിച്ചു.AIDWA സംസ്ഥാന ജോ. സെക്രട്ടറി മേരി തോമസ് ഉദ്ഘാടനം ചെയ്തു.

ടി ആർ മീര, ജില്ലാ പഞ്ചായത്ത് മെമ്പർ വി ജി വനജ കുമാരി, ഹസീന അക്ബർ, തുടങ്ങിയവർ സംസാരിച്ചു. ഹരതിസേന അംഗങ്ങളെ ഉപഹാരങ്ങൾ നല്കി അനുമോദിച്ചു.

അധികൃതരുടെ അവഗണനക്കെതിരെ 'കെ എസ് ആർ ടി സി സംരക്ഷണ സദസ്സ്' 25ന്

ഇരിങ്ങാലക്കുട : വെട്ടിക്കുറച്ച സർവ്വീസുകൾ പുന:സ്ഥാപിക്കുക, സർവ്വീസുകൾ നടത്തുന്നതിനാവശ്യമായ ജീവനക്കാരെ നിയമിക്കുക, കെ എസ് ആർ ടി സി ഇരിങ്ങാലക്കുട ഡെപ്പോവിനോട് അധികൃതർ കാണിക്കുന്ന അവഗണന അവസാനിപ്പിക്കുക തുടങ്ങിയ ആവശ്യങ്ങളുമായി നാട്ടുകാരേയും, ജനപ്രതിനിധികളേയും, വിവിധ റെസിഡന്റ്സ് അസോസിയേഷൻ പ്രതിനിധികളേയും പങ്കെടുപ്പിച്ചു കൊണ്ട് 'കെ എസ് ആർ ടി സി സംരക്ഷണ സദസ്സ്' സെപ്റ്റംബർ 25 (വ്യാഴാഴ്ച്ച) രാവിലെ 10 മണിക്ക് കണ്ഠേശ്വരത്തുള്ള കെ എസ് ആർ ടി സി ഡെപ്പോവിനു മുമ്പിൽ സംഘടിപ്പിക്കുമെന്ന് കെ എസ് ആർ ടി സി സംരക്ഷണ സമിതി ചെയർമാൻ രാജീവ് മുല്ലപ്പിള്ളി അറിയിച്ചു. മുൻ ഗവ ചീഫ് വിപ്പ് അഡ്വ തോമസ് ഉണ്ണിയാടൻ സദസ്സ് ഉൽഘാടനം ചെയ്യും.

കോടതി പരസ്യം

ബഹു. തൃശൂർ ചിട്ടി രജിസ്ട്രാർ/ആർബിട്രേറ്റർ മുമ്പാകെ

Dispute No. 1657/2024

ന്യൂ ട്രിച്ചൂർ സുകൃതം ചിറ്റ്സ് (കേരള) പ്രൈവറ്റ് ലിമിറ്റഡ്, കണ്ടശ്ശാംകടവ്

-പരാതിക്കാരൻ

ചാവക്കാട് താലൂക്ക് മുല്ലശ്ശേരി വില്ലേജ്, പി ഒ മുല്ലശ്ശേരി കോട്ടുക്കൽ വീട്ടിൽ അബ്ദുൾസലാം ഭാര്യ 1) സബിത അബ്ദുൾസലാം, ടി യിൽ പരീത് മകൻ 2) അബ്ദുൾസലാം, എളവള്ളി വില്ലേജ് പി ഒ ചിറ്റാട്ടുകര പുതുവീട്ടിൽ അറക്കൽ ഷംസുദ്ദീൻ ഭാര്യ 3) ഹാത്തിക്ക, ടിയിൽ സുൽഫി ഭാര്യ 4) ജസീല, ടിയിൽ പുതുവീട്ടിൽഖാദർ മകൻ 5) റംഞ്ചു

- എതൃകക്ഷികൾ

മേൽ നമ്പർ കേസിൽ എതൃകക്ഷികൾക്കുള്ള നോട്ടീസ് ഉത്തരവായി **29-09-2025** തിയ്യതിക്ക് വിചാരണക്ക് വെച്ചിട്ടുള്ളതാണ്. അന്നേ ദിവസം ടിയാർ ബഹു. ആർബിട്രേറ്റർ മുമ്പാകെ ഹാജരാകാത്ത പക്ഷം എക്സ്പാർട്ടിയാക്കി ഉത്തരവാകുന്നതാണെന്ന് ഇതിനാൽ അറിയിക്കുന്നു

എന്ന്, 13-09-2025

പരാതിക്കാരൻഭാഗം അഡ്വക്കേറ്റ്

ജോഫി ജോർജ്ജ് പി.

(ഒപ്പ്)

കോടതി പരസ്യം

ബഹു. തൃശൂർ ചിട്ടി രജിസ്ട്രാർ/ആർബിട്രേറ്റർ മുമ്പാകെ

Dispute No. 1182/2024

ന്യൂ ട്രിച്ചൂർ സുകൃതം ചിറ്റ്സ് (കേരള) പ്രൈവറ്റ് ലിമിറ്റഡ്, കണ്ടശ്ശാംകടവ്

-പരാതിക്കാരൻ

പൊന്നാനി താലൂക്ക് തവനൂർ വില്ലേജ് തൃക്കണാപുരം പി ഒ., കിഴക്കേപ്പാട്ട് രാമചന്ദ്രൻ നായർ കെ, മകൻ 1) ശരത്ചന്ദ്രൻ കെ, തലപ്പിള്ളി താലൂക്ക് പഴഞ്ഞി വില്ലേജ് പി ഒ പഴഞ്ഞി കോലഴി വീട്ടിൽ തങ്കമണി മകൻ 2) ശിവദാസൻ, പൊന്നാനി താലൂക്ക് വട്ടംകുളം വില്ലേജ് കാലടി പി ഒ., മണ്ടകപറമ്പിൽ യശോദ മകൻ 3) വിജയകുമാർ

- എതൃകക്ഷികൾ

മേൽ നമ്പർ കേസിൽ എതൃകക്ഷികൾക്കുള്ള നോട്ടീസ് ഉത്തരവായി **29-09-2025** തിയ്യതിക്ക് വിചാരണക്ക് വെച്ചിട്ടുള്ളതാണ്. അന്നേ ദിവസം ടിയാർ ബഹു. ആർബിട്രേറ്റർ മുമ്പാകെ ഹാജരാകാത്ത പക്ഷം എക്സ്പാർട്ടിയാക്കി ഉത്തരവാകുന്നതാണെന്ന് ഇതിനാൽ അറിയിക്കുന്നു

എന്ന്, 13-09-2025

പരാതിക്കാരൻഭാഗം അഡ്വക്കേറ്റ്

ജോഫി ജോർജ്ജ് പി.

(ഒപ്പ്)

കോടതി പരസ്യം

ബഹു. തൃശൂർ ചിട്ടി രജിസ്ട്രാർ/ആർബിട്രേറ്റർ മുമ്പാകെ

Dispute No. 1603/2024

ന്യൂ ട്രിച്ചൂർ സുകൃതം ചിറ്റ്സ് (കേരള) പ്രൈവറ്റ് ലിമിറ്റഡ്, കണ്ടശ്ശാംകടവ്

-പരാതിക്കാരൻ

തൃശൂർ താലൂക്ക് ചാഴൂർ വില്ലേജ് പി ഒ ചാഴൂർ വാഴപ്പള്ളിപറമ്പിൽ കുഞ്ഞാലിക്കുട്ടി മകൻ 1) അബ്ദുൾജലീൽ, വാഴപ്പള്ളി പറമ്പിൽ കൊച്ചുമുഹമ്മദ് മകൻ 2) ഷംസുദ്ദീൻ, ടി ദേശത്ത് വാഴപ്പിള്ളി വീട്ടിൽ കൊച്ചുമോൻ മകൻ 3) രാമചന്ദ്രൻ

- എതൃകക്ഷികൾ

മേൽ നമ്പർ കേസിൽ എതൃകക്ഷികൾക്കുള്ള നോട്ടീസ് ഉത്തരവായി **29-09-2025** തിയ്യതിക്ക് വിചാരണക്ക് വെച്ചിട്ടുള്ളതാണ്. അന്നേ ദിവസം ടിയാർ ബഹു. ആർബിട്രേറ്റർ മുമ്പാകെ ഹാജരാകാത്ത പക്ഷം എക്സ്പാർട്ടിയാക്കി ഉത്തരവാകുന്നതാണെന്ന് ഇതിനാൽ അറിയിക്കുന്നു

എന്ന്, 13-09-2025

പരാതിക്കാരൻഭാഗം അഡ്വക്കേറ്റ്

ജോഫി ജോർജ്ജ് പി.

(ഒപ്പ്)

കോടതി പരസ്യം

ബഹു. തൃശൂർ ചിട്ടി രജിസ്ട്രാർ/ആർബിട്രേറ്റർ മുമ്പാകെ

Dispute No. 1607/2024

ന്യൂ ട്രിച്ചൂർ സുകൃതം ചിറ്റ്സ് (കേരള) പ്രൈവറ്റ് ലിമിറ്റഡ്, കണ്ടശ്ശാംകടവ്

-പരാതിക്കാരൻ

ചാവക്കാട് താലൂക്ക് മണത്തല വില്ലേജ് പി ഒ അകലാട് മേലേ തയ്യിൽ മൊയ്തീൻകുട്ടി മകൻ 1) മുസ്തഫ, ടി വില്ലേജ് ഇല്ലത്ത്കയിൽ ഹസ്സൻ മകൻ 2) ഷിഹാസ്, ടി വില്ലേജ് വാലിപറമ്പിൽ അവറു ഭാര്യ 3) മൈമുന

- എതൃകക്ഷികൾ

മേൽ നമ്പർ കേസിൽ എതൃകക്ഷികൾക്കുള്ള നോട്ടീസ് ഉത്തരവായി **29-09-2025** തിയ്യതിക്ക് വിചാരണക്ക് വെച്ചിട്ടുള്ളതാണ്. അന്നേ ദിവസം ടിയാർ ബഹു. ആർബിട്രേറ്റർ മുമ്പാകെ ഹാജരാകാത്ത പക്ഷം എക്സ്പാർട്ടിയാക്കി ഉത്തരവാകുന്നതാണെന്ന് ഇതിനാൽ അറിയിക്കുന്നു

എന്ന്, 13-09-2025

പരാതിക്കാരൻഭാഗം അഡ്വക്കേറ്റ്

ജോഫി ജോർജ്ജ് പി.

(ഒപ്പ്)

വികസന സദസ്സ്

കേരള സർക്കാർ
തദ്ദേശ സ്വയംഭരണ വകുപ്പ്
ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്

തദ്ദേശസ്ഥാപനങ്ങളിൽ
വികസന സദസ്സ്
സെപ്റ്റംബർ 22 മുതൽ ഒക്ടോബർ 20 വരെ

നാളത്തെ കേരളവികസനത്തിന് ജനാഭിപ്രായവും നൂതനാശയങ്ങളും സ്വരൂപിക്കാനും ഇന്നോളമുള്ള പ്രാദേശികവികസനമുന്നേറ്റങ്ങളും നേട്ടങ്ങളും ചർച്ച ചെയ്യാനും ഒരു വേദി

സംസ്ഥാനതല ഉദ്ഘാടനം
2025 സെപ്റ്റംബർ 22ന്
രാവിലെ 11:00 മണിക്ക്
നിശാഗന്ധി ഓഡിറ്റോറിയം, തിരുവനന്തപുരം

ശ്രീ. പിണറായി വിജയൻ
ബഹു. മുഖ്യമന്ത്രി

അധ്യക്ഷൻ:
ശ്രീ. എം ബി രാജേഷ്
ബഹു. തദ്ദേശസ്വയംഭരണം, എക്സൈസ്, പാർലമെന്ററി കാര്യവകുപ്പ് മന്ത്രി

സാന്നിധ്യം

ശ്രീ. വി ശിവൻകുട്ടി
ബഹു. പൊതുവിദ്യാഭ്യാസം, തൊഴിൽ വകുപ്പ് മന്ത്രി

ശ്രീ. ജി ആർ അനിൽ
ബഹു. ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി

മയക്കുമരുന്നുമായി ബന്ധപ്പെട്ട വിവരങ്ങൾ നൽകുന്നതിന്
ഹെൽപ്പ് ലൈൻ നമ്പർ 1933 9497979794, 9497927797